**No. CEE/4600/2019/KEAM-2020/TA4**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

# KEAM-2020

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2020–ലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്/ ഫാർമസി കോഴ്സുകളിലെ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 2020 സെപ്തംബർ 30–ാം തീയതി മുതൽ ഒക്ടോബർ 06–ാം തീയതി രാവിലെ 10.00 മണി വരെ ഓൺലൈനായി ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **08.10.2020 മുതൽ 10.10.2020 വൈകുന്നേരം 5 മണിയ്ക്കകം** ഓൺലൈൻ പേയ്മെന്റായോ വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന ഹെഡ് പോസ്റ്റ് ഓഫീസുകൾ മുഖേനയോ ഒടുക്കേണ്ടതാണ്. ആദ്യഘട്ട അലോട്ട്മെന്റിൽ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതില്ല.

ഒന്നാം ഘട്ട അലോട്ട്മെന്റിന്റെ വിശദമായ വിവരങ്ങൾക്കായി വെബ്സൈറ്റിലുള്ള വിജ്ഞാപനം കാണുക.

**ഹെൽപ്പ്ലൈൻ നമ്പർ: 0471- 2525300 (10 am-5 pm)**

തിരുവനന്തപുരം
07.10.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**